## മധുരമായ കുട്ടികളേ - ഇപ്പോൾ കലിയുഗത്തിന്റെ രാത്രി പൂർത്തിയാവുകയാണ്, ബാബ നവയുഗം സ്ഥാപിക്കാൻ വന്നിരിക്കുന്നു, അതുകൊണ്ട് നിങ്ങൾ ഉണരൂ, ബാബയുടെ ഓർമ്മയിലൂടെ വികർമ്മങ്ങളെ നശിപ്പിക്കൂ.

**ചോദ്യം** - സതോപ്രധാന ബുദ്ധിയായിക്കൊണ്ടിരിക്കുന്ന കുട്ടികളുടെ അടയാളങ്ങളെന്തെല്ലാമാണ്?
**ഉത്തരം** - അവർക്ക് മറ്റുള്ളവരെ കൂടി തനിക്കു സമാനമാക്കി മാറ്റുവാനുള്ള ചിന്തയുണ്ടാകുന്നു. അവർ തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യാനുള്ള യുക്തികൾ രചിച്ചുകൊണ്ടിരിക്കും. രാവും പകലും സേവനത്തിൽ മുഴുകിയിരിക്കും.

**ചോദ്യം** - നിങ്ങൾ കുട്ടികൾക്ക് ഏറ്റവും ഉയർന്ന ഏതൊരു കർത്തവ്യമാണ് ലഭിച്ചിരിക്കുന്നത്?
**ഉത്തരം** - മുഴുവൻ ലോകത്തിലുള്ളവർക്കും ബാബയുടെ സന്ദേശമെത്തിക്കേണ്ട കർത്തവ്യം ഏറ്റവും ഉയർന്നതാണ്. ഏതൊരു ആത്മാവും ബാബയുടെ പരിചയം ലഭിക്കാതെ അവശേഷിക്കരുത്. രാവും പകലും ഈ ചിന്തനം നടന്നുകൊണ്ടിരിക്കണം, എങ്ങനെ എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം, ശംഖധ്വനി മുഴക്കണം.

**ഗീതം** - ഉണരൂ സജിനിമാരേ ഉണരൂ........

**ഓംശാന്തി**. ആരാണ് ഉണർത്തുന്നത്? സജിനി എന്ന് പറയുന്നത് ആരാണ്? കുട്ടികൾക്കറിയാം പരിധിയില്ലാത്ത അച്ഛൻ ഒന്നാണ്, അവരുടെ യഥാർത്ഥ പേരാണ് ശിവൻ. ബാക്കി ഭക്തിമാർഗ്ഗത്തിൽ അനേക നാമങ്ങളുണ്ട്. ശരിയായ പേര് ശിവൻ എന്ന് മാത്രമാണ്. ജയന്തിയും ആഘോഷിക്കുന്നുണ്ട്, അത് പരമാത്മാ ജയന്തിയാണ്. നിരാകാര ശിവജയന്തി എന്ന് മഹിമയുമുണ്ട്. ആത്മാവിന് ശരീരം ലഭിക്കുമ്പോൾ ആ ശരീരത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്, എന്നാൽ ശിവൻ എന്നു പറയുന്നത് ആത്മാവിന്റെ തന്നെ പേരാണ്. അവരെ പരമമായ ആത്മാവെന്നാണ് പറയുന്നത്. ആത്മാവിന്റെ പേരെന്താണ്? ശിവനെന്ന പേരിനാണ് മഹിമ. ശിവജയന്തിയ്ക്കാണ് മഹത്വമുള്ളത്. ആത്മാവിന്റെ ജയന്തി എന്ന മഹിമയില്ല. ഗീതയുടെ ഭഗവാൻ നിരാകാരനായ ശിവനാണ്. ശ്രീകൃഷ്ണൻ എന്നത് ശരീരത്തിന്റെ പേരാണ്, ദേഹധാരിയാണല്ലോ. ശിവബാബ തന്നെയാണ് വന്ന് സജിനിമാരെ ഉണർത്തുന്നത്. ബാബ സ്വയം തന്റെ തിരിച്ചറിവ് നൽകുന്നു, ഞാൻ വന്നിരിക്കുകയാണ് പുതിയ ലോകത്തെ സ്ഥാപിക്കാൻ. ഇപ്പോൾ എന്നെ മാത്രം ഓർമ്മിക്കൂ. മായയുടെ മേൽ വിജയം പ്രാപിക്കണം. ബാബയെ പതിതപാവനൻ എന്നു പറയുന്നുണ്ട്. പാവനമായിരുന്ന ദേവതകൾ ഇപ്പോൾ പതിതമായിരിക്കുന്നു. അതുകൊണ്ടാണ് എല്ലാവരും പതിതപാവനാ വരൂ, വന്ന് ഞങ്ങളെ മുക്തമാക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നത്. എന്തിൽ നിന്നും മുക്തമാക്കുവാനാണ് വിളിക്കുന്നത്? മായാ രാവണനിൽ നിന്നും അഥവാ ചെകുത്താനിൽ നിന്നും മുക്തമാക്കുന്നതിനായി. ഇനിയും മുന്നോട്ടു പോകണമെന്ന് മനുഷ്യർ മനസ്സിലാക്കുന്നില്ല. നവയുഗം, സത്യയുഗം ഇപ്പോൾ വന്നു കഴിഞ്ഞു. ഗീതത്തിലും നവയുഗമെന്നു പറയുന്നുണ്ട്, അത് പവിത്രമായ ലോകമാണ്. പതിതത്തിൽ നിന്നും പാവനമാക്കാനാണ് ബാബ വന്നിരിക്കുന്നത്. പുതിയ ലോകത്തെ നവയുഗം അഥവാ സത്യയുഗം എന്നാണ് പറയുന്നത്. ഇത് കലിയുഗീ പഴയ ലോകമാണ്. കുംഭകർണ്ണ നിദ്രയിൽ എല്ലാവരും ഉറങ്ങിക്കിടക്കുകയാണ്, ബാബ അവരെയാണ് വന്ന് ഉണർത്തുന്നത്. മായ അജ്ഞാന അന്ധകാരം നിറഞ്ഞ രാത്രിയിൽ എല്ലാവരെയും ഉറക്കിയിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു, കുട്ടികളേ കുംഭകർണ്ണ നിദ്രയിൽ നിന്നും ഉണരൂ. ഇപ്പോൾ ഈ പഴയ ലോകത്തിന്റെ അന്ത്യമാണ്, മരണം തൊട്ടു മുന്നിലാണ്, ഇപ്പോൾ രാത്രി പൂർത്തിയായി പകൽ വരികയാണ്, അതുകൊണ്ടിപ്പോൾ ഉണരൂ. ബാബ വന്നിരിക്കുകയാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. നമ്മളും അജ്ഞാന അന്ധകാരത്തിൽ ഉറങ്ങിയിരുന്നു. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് രാത്രിയെ പകലാക്കുവാൻ. ബാബ പറയുന്നു, ഞാൻ നിങ്ങൾക്ക് വേണ്ടി പകൽ അർത്ഥം നവയുഗത്തെ സ്ഥാപിക്കാനാണ് വന്നിരിക്കുന്നത്. ഇപ്പോൾ നിങ്ങളെന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കുന്നു, കാരണം ഈ സമയം എല്ലാവരും പതിതമാണ്. നമ്മെ ഈ രാവണനിൽ നിന്നും മുക്തമാക്കൂ എന്ന് എല്ലാവരും പറയുന്നു. ചെകുത്താന്റെ രാജ്യം എപ്പോൾ മുതൽക്ക് ആരംഭിച്ചു എന്ന് ആരും മനസ്സിലാക്കുന്നില്ല. ബാബ വന്ന് രാവണന്റെ പിടിയിൽ നിന്നും മുക്തമാക്കുകയാണ്. എങ്ങനെ? ഇത് ബാബ എപ്പോഴാണോ വരുന്നത്, അപ്പോൾ കേൾപ്പിക്കുന്ന കാര്യമാണ്. എന്നാൽ മാത്രമേ നമുക്ക് അനുഭവത്തോടെ മറ്റുള്ളവർക്ക് കേൾപ്പിച്ചു കൊടുക്കാൻ സാധിക്കൂ. എല്ലാവർക്കും അധ:പതിച്ച് പതിതമാകുക തന്നെ വേണം. പതിതപാവനനായ എനിക്ക് വരേണ്ടത് ഈ സംഗമയുഗത്തിലാണ്. ലോകത്തിലുള്ള മനുഷ്യർ ഘോരാന്ധകാരത്തിലാണ്.

കലിയുഗത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷങ്ങളുണ്ടെന്ന് കരുതുന്നു. കാരണം ശാസ്ത്രങ്ങളിൽ തലകീഴായി എഴുതിവെച്ചിരിക്കയാണ്. ഇപ്പോൾ ദൈവീക യുഗത്തിന്റെ സ്ഥാപനയാണുണ്ടാകുന്നത്. നരകത്തെ സ്വർഗ്ഗമാക്കുന്നത് ബാബ തന്നെയാണ്. അച്ഛൻ ഒരിക്കലും മക്കൾക്കായി നരകം രചിക്കില്ലല്ലോ. ബാബ നമ്മെ പഠിപ്പിക്കുന്നു എന്ന് കുട്ടികൾക്കിപ്പോൾ പക്കാ നിശ്ചയം വന്നു കഴിഞ്ഞു. വളരെ സമയമായി ബാബ കുട്ടികളെ പഠിപ്പിക്കുന്നു.

ഇപ്പോൾ ത്രിമൂർത്തി ശിവജയന്തി വരാൻ പോകുന്നു. ശിവജയന്തി സൊ ഗീതാജയന്തി എന്ന് എഴുതണം. ശ്രീകൃഷ്ണ ജയന്തി ആഘോഷിക്കുമ്പോൾ ഗീതാജയന്തി ആഘോഷിക്കുന്നില്ല. കൃഷ്ണൻ ചെറിയ കുട്ടിയല്ലേ, എപ്പോഴാണോ കൃഷ്ണൻ വലുതാകുന്നത്, അപ്പോഴല്ലേ ഗീത കേൾപ്പിക്കുക. ത്രിമൂർത്തി ശിവജയന്തി അർത്ഥം തന്നെ ഗീതാജയന്തിയാണ്. ഇതെല്ലാം തന്നെ വളരെയധികം മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. മനുഷ്യർ ഗീതാജയന്തിയെ വേറെയാക്കുന്നു, കാരണം കൃഷ്ണൻ ചെറിയ കുട്ടിയാണെന്നു മനസ്സിലാക്കുന്നു, ചെറിയ കുട്ടി എങ്ങനെ ഗീത കേൾപ്പിക്കും? നിങ്ങൾ കുട്ടികളെത്തന്നെയാണ് ബാബ രാജയോഗം പഠിപ്പിക്കുന്നത്. സെക്കന്റിൽ ജീവന്മുക്തി എന്ന മഹിമയുണ്ട്. വക്കീലാകുവാൻ പഠിപ്പിക്കുന്ന സ്ക്കൂളുണ്ട്, അവിടെയും ഞാൻ വക്കീലായിത്തീരുമെന്ന ലക്ഷ്യമുണ്ട്. ബാക്കി അതിലും ഉയർന്ന പദവി നേടുക എന്നുള്ളത് പഠിപ്പിന്റെ അടിസ്ഥാനത്തിലായിരിക്കും. ചിലർ നന്നായി പഠിക്കുന്നവർ ഉയർന്ന പദവി നേടുന്നു. പഠിക്കുന്നില്ലെങ്കിൽ പദവിയും കുറയുന്നു. മുഴുവൻ ആധാരവും പഠിപ്പിലാണ്. നിങ്ങളിവിടെ വന്നിരിക്കുന്നത്, മനുഷ്യനിൽ നിന്നും ദേവതയാകുവാനാണ്. എന്നാൽ ദേവതകളിലും പദവി നമ്പർവൈസാണ്. ചിലർ ഫസ്റ്റ് ക്ലാസ്സ്, ചിലർ സെക്കന്റ് ക്ലാസ്സ്, ചിലർ തേർഡ്ക്ലാസ്സ്. ഇതെല്ലാം തന്നെ വളരെയധികം ഗുപ്തമായ കാര്യങ്ങളാണ്. ചിലരുടെ ബുദ്ധിയിൽ ഇതൊന്നും തന്നെയിരിക്കില്ല. എങ്ങനെ നമ്മുടെ രാജ്യം സ്ഥാപിക്കുന്നു, മഹാഭാരതയുദ്ധവും തീർച്ചയായും ഉണ്ടാകുന്നതാണ്. എന്നാൽ പാണ്ഡവ സമ്പ്രദായത്തിലുള്ളവരല്ല യുദ്ധം ചെയ്യുന്നത്. അസുരന്മാരും കൗരവ സമ്പ്രദായത്തിലുള്ളവരുമാണ് പരസ്പരം യുദ്ധം ചെയ്ത് നശിക്കുന്നത്. അപ്പോൾ നിങ്ങൾ കുട്ടികൾക്കിപ്പോൾ പുരുഷാർത്ഥം ചെയ്യണം. മനസ്സിലാക്കണം – ബാബ സമയത്തിനനുസരിച്ചുള്ള നിർദ്ദേശങ്ങളും നൽകുന്നുണ്ട്. നിരാകാരനായ പരമപിതാവായ പരമാത്മാവ് എങ്ങനെ രാജയോഗം പഠിപ്പിക്കും? തീർച്ചയായും ശരീരത്തിലേക്ക് വരാതെ പഠിപ്പിക്കില്ലല്ലോ. ബാബ ശ്രീമതം നൽകുന്നു, കുട്ടികളേ ഓർമ്മയുടെ യാത്രയിലിരിക്കൂ. എന്നെ ഓർമ്മിക്കൂ. ഇതാണ് യോഗാഗ്നി ഇതിലൂടെ വികർമ്മം നശിക്കുന്നു. ഓരോ ദിവസം തോറും നിങ്ങൾക്ക് നല്ല-നല്ല പോയിന്റുകൾ ലഭിക്കുന്നു. പതിത പാവനന്റെ പോയിന്റുകളും നല്ലതാണ്. പതിതപാവനനായ ബാബയെ വിളിക്കുന്നുമുണ്ട്, പിന്നീട് ഗംഗയിൽ പോയി സ്നാനവും ചെയ്യുന്നുണ്ട്. നിങ്ങൾക്ക് വലിയ-വലിയ വാക്കുകളിൽ എഴുതാൻ സാധിക്കും, പതിതപാവനനെന്ന് പരമപിതാ പരമാത്മാവിനെയാണ് പറയുന്നത്. ജ്ഞാനസാഗരനും അവർ തന്നെയാണ്. മുഴുവൻ ലോകത്തെയും പാവനമാക്കി മാറ്റുന്നു. മുഴുവൻ ലോകത്തിലുള്ളവരുടെയും ചോദ്യമല്ലേ – ഈ ലോകം എങ്ങനെ പാവനമാകുമെന്ന്? ഗംഗ, യമുന.... എന്നീ നദികൾ ആദ്യം മുതൽക്കു തന്നെയുണ്ടല്ലോ. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമായതിനാൽ തീർച്ചയായും കുറച്ച് മോശമായ കാലഘട്ടമാണ്. സത്യയുഗത്തിലുള്ള എല്ലാ നദികളും അതാതിന്റെ ലക്ഷ്യസ്ഥാനങ്ങളിലേക്ക് എത്തിച്ചേരുന്നു. എന്നാൽ ഈ വെള്ളത്തിലൂടെയൊന്നും ഒരിക്കലും പാവനമാകുന്നില്ല. ഇതെല്ലാം തന്നെ വളരെ തെളിയിച്ച് മനസ്സിലാക്കി കൊടുക്കണം. ഇതിന്റെ നോട്ടീസുകളും വിതരണം ചെയ്യണം. അതും ആളുകളെ നോക്കി വേണം നൽകാൻ. മുഖ്യമായ രണ്ടു-മൂന്നു കാര്യങ്ങൾ തീർച്ചയായും മനസ്സിലാക്കി കൊടുക്കണം. വാസ്തവത്തിൽ ഈ സമയത്ത് എല്ലാവരും പതിതരും വികാരികളുമാണ്. എല്ലാവരുടെയും താഴ്ന്ന കലയാണ്. ഗുരു നാനാക്കും അഴുക്കു വസ്ത്രങ്ങൾ അലക്കുന്നവനേ.... എന്ന് പാടിയിട്ടുണ്ട്. ഭാരതത്തിന് തീർച്ചയായും ശ്രേഷ്ഠാചാരിയാവുക തന്നെ വേണം. ഇപ്പോൾ ഭ്രഷ്ടാചാരിയാണ്, ശ്രേഷ്ഠാചാരികൾ ദേവതകൾ മാത്രമാണ്. ഈ സമയം ആർക്കും ശ്രേഷ്ഠാചാരികളാകുവാൻ സാധിക്കില്ല. കാരണം മായയുടെ രാജ്യമാണ്. ബാക്കി ഭക്തിയുടെ സുഖം ലഭിക്കുന്നു. ഇവിടെ കുട്ടികൾ ജന്മമെടുക്കുന്നതു പോലും യോഗബലത്തിലൂടെയല്ലല്ലോ, വികാരത്തിലൂടെയാണ്. ആദ്യം കുറച്ചുണ്ടാകുന്നു, പിന്നീട് വർദ്ധിക്കുന്നതിലൂടെ പരസ്പരം കലഹിക്കുന്നു. ഓരോരുത്തർക്കും ആദ്യം സുഖവും പിന്നീട് ദു:ഖവുമുണ്ടാകുന്നു. ഇതെല്ലാം തന്നെ മനുഷ്യരുടെ കാര്യങ്ങളാണ്. സത്യയുഗത്തിലുള്ള മനുഷ്യർ സുഖികളായിരുന്നപ്പോൾ മൃഗങ്ങളും സുഖികളായിരുന്നു. ബാബ ഈ രീതിയിലെല്ലാം എഴുതാനായി പറയുന്നു. ത്രിമൂർത്തി ശിവജയന്തി സൊ ശ്രീമത്ത് ഭഗവത് ഗീതാ ജയന്തി. പിന്നീട് അതിനെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുകയും വേണം. ആരെല്ലാമാണോ മനസ്സിലാക്കുന്നത്, അവർക്ക് ഇത് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണമെന്ന് തോന്നണം. മനസ്സിലാക്കി കൊടുക്കാതെ അഭിവൃദ്ധി എങ്ങനെയുണ്ടാകും. ഡ്രാമ അനുസരിച്ച് ആർക്ക് എന്ത് പാർട്ടാണോ ഉള്ളത്, മനസ്സിലാക്കുന്നതിന്റെയും മനസ്സിലാക്കി കൊടുക്കുന്നതിന്റെയും, പാർട്ട് അഭിനയിക്കുന്നു. ഭക്തിയുടെ പാർട്ടും ഓരോ ദിവസം കൂടുന്തോറും അതിശക്തമായിക്കൊണ്ടിരി

ക്കുന്നു. ഇങ്ങനെ പറയാറുണ്ട്, എപ്പോഴാണോ വൈക്കോൽ കൂനയ്ക്ക് അഗ്നി ബാധിക്കുന്നത് അപ്പോൾ
മാത്രമേ എല്ലാവരുടെയും കണ്ണുകൾ തുറക്കൂ. നിങ്ങൾ കുട്ടികൾക്ക് ശംഖധ്വനി മുഴക്കണം. രാത്രിയും
പകലും നിങ്ങൾക്ക് ആർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കാം എന്നതിനെക്കുറിച്ചുള്ള ചിന്തനം നടക്ക
ണം. മുഴുവൻ ലോകത്തിലുള്ളവർക്കും ബാബയുടെ പരിചയം നൽകണം, എത്ര വലിയ ഉത്തരവാദിത്ത
മാണ്. ലോകവും എത്ര വലുതാണ്, വളരെയധികം ധർമ്മവും, ഖണ്ഡവുമുണ്ട്. സത്യയുഗത്തിൽ ഒരേ
യൊരു ധർമ്മം മാത്രമാണുള്ളത് പിന്നീട് വർദ്ധിക്കുന്നു. പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് ബ്രാഹ്മണർ
ജന്മമെടുക്കുന്നതെന്നും മനസ്സിലാക്കുന്നു. ബ്രാഹ്മണ വർണ്ണത്തെക്കുറിച്ചു തന്നെ കാണിക്കുന്നില്ലെങ്കിൽ,
പിന്നെ ജന്മം നൽകിയ ആളെക്കുറിച്ചും കാണിക്കില്ലല്ലോ. കൗരവരെയും പാണ്ഡവരെയുമാണ് കാണി
ക്കുന്നതെന്ന് മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ ബ്രാഹ്മണരാണ്. പ്രജാപിതാ ബ്രഹ്മാകുമാർ–കുമാരിമാ
രുണ്ടെങ്കിൽ തീർച്ചയായും പ്രജാപിതാ ബ്രഹ്മാവും ആവശ്യമാണ്. ഇതിലൂടെയാണ് ഭിന്ന–ഭിന്ന ശാഖകൾ
രൂപം കൊള്ളുന്നത്. ദേവത, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, എന്നിവരെയാണ് കാണിക്കുന്നത്. ബാക്കി
സംഗമയുഗികളായ ബ്രാഹ്മണരെ കാണിക്കുന്നില്ല. ത്രിമൂർത്തി ബ്രഹ്മാവെന്ന് പറയാറുണ്ടെങ്കിലും, ത്രിമൂർത്തി
ബ്രഹ്മാവെന്നുള്ളതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. അവർക്ക് നൽകുന്നത് ആരാണ്? നിരാകാരനായ
ബാബ ബ്രഹ്മാ മുഖത്തിലൂടെയാണ് മനസ്സിലാക്കിത്തരുന്നത്. ബ്രഹ്മാവിന്റെ മുഖ കമലത്തിലൂടെയാണ്
കുട്ടികൾക്ക് ജന്മം നൽകുന്നത്. നിങ്ങൾക്ക് കേൾപ്പിച്ചു തന്നാലല്ലേ ബ്രഹ്മാവും കേൾക്കുന്നത്. നിങ്ങളില്ലെ
ങ്കിൽ ശിവബാബ എന്തു ചെയ്യും? ഒരാൾക്കു മാത്രമായി കേൾപ്പിക്കില്ലല്ലോ. ശാസ്ത്രങ്ങളിൽ ഒരു അർജ്ജു
നന്റെ പേര് മാത്രം എഴുതിയിട്ടുണ്ട്. ഏതു സമയത്ത് ഏതൊരു പോയിന്റിനെക്കുറിച്ചാണോ പറയുന്നത്,
ആ സമയത്ത് ആ സേവനത്തിൽ മുഴുകണം. നിങ്ങൾക്ക് ഓരോ കാര്യത്തെക്കുറിച്ചും വളരെ വ്യക്തമായി
മനസ്സിലാക്കിത്തരുന്നുണ്ട്. എന്നാൽ യോഗത്തിലിരിക്കുക, പാവനമാകുക ഇതിലാണ് പ്രയത്നം. വിഷത്തെ
ഉപേക്ഷിക്കുക എന്നതും എത്ര പ്രയത്നമാണ്. വിഷത്തിന്റെ പേരിൽ തന്നെയാണ് പ്രശ്നങ്ങളുള്ളത്.
അപ്പോൾ കുട്ടികൾക്ക് സേവനത്തിൽ ശ്രദ്ധ നൽകണം, പഠിച്ച്, പഠിപ്പിക്കണം. ഈ സേവനത്തിൽ തന്നെ
യാണ് മംഗളമുള്ളത്. ഇതിനായി താൽപര്യമുണ്ടായിരിക്കണം. പുതിയവരിൽ നിന്നും ഫോമുകൾ പൂരിപ്പി
ക്കുന്നവർ വളരെ തീക്ഷ്ണ ബുദ്ധിയുള്ളവരായിരിക്കണം. ഫോറം പൂരിപ്പിക്കുന്ന സമയത്ത് അവരോട്
ഈ കാര്യങ്ങളും ചോദിക്കണം, നിങ്ങൾ സാധന ചെയ്യുന്നവരല്ലേ, മുക്തിധാമത്തിലേക്ക് പോകുവാൻ
ആഗ്രഹിക്കുന്നുണ്ടോ? മുക്തിധാമത്തിന്റെ അധികാരി പരമപിതാ പരമാത്മാവ് മാത്രമാണ്. ബാബ തന്നെ
യാണ് വന്ന് പാവനമാക്കുന്നത്. ഗംഗയിൽ പോയി സ്നാനം ചെയ്യുക എന്ന രീതിയുള്ളത് ഭാരതത്തിൽ
മാത്രമാണ്, അന്യധർമ്മത്തിലില്ല. അവർ തങ്ങളുടെ ധർമ്മസ്ഥാപകരുടെ മുന്നിൽ പോയി തലകുനിയ്ക്കു
ന്നു, പുഷ്പങ്ങൾ വർഷിക്കുന്നു. മഹിമ പാടുന്നു. പതിതപാവനൻ ഒരു ബാബയാണെന്നുള്ളതിനെക്കുറിച്ച്
അവർക്ക് അറിയുക പോലുമില്ല. ക്രിസ്മസ്സിൽ ക്രൈസ്റ്റിനെ വളരെയധികം ആഘോഷിക്കുന്നു. എന്നിട്ടും
ഗോഡ്ഫാദറെ ഓർമ്മിക്കുന്നു, അല്ലയോ ഗോഡ്ഫാദർ എന്നു പറഞ്ഞു വിളിക്കുന്നു. ക്രിസ്ത്യാനികൾക്കും
ഈ ജ്ഞാനം ലഭിക്കുന്നു. ബാബ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്, ചിത്രങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ
വിദേശത്തു പോലും അയയ്ക്കുവാൻ സാധിക്കുന്നു. പരിധിയില്ലാത്ത വിശ്വ നന്മയെക്കുറിച്ച് ബുദ്ധി പ്രവർത്തി
ക്കണം. ബാബയുടെ ബുദ്ധി പ്രവർത്തിച്ചുകൊണ്ടിരിക്കും. എന്നാൽ ഈ ചിത്രങ്ങളെക്കുറിച്ചുള്ള ശ്രദ്ധയു
ള്ളത് വളരെ വിരളം പേർക്ക് മാത്രമാണ്. ബാബ ദിവ്യദൃഷ്ടിയിലൂടെയാണ് ഇത് ഉണ്ടാക്കിച്ചത്. ഇതിനെ
എത്ര ബഹുമാനിക്കണം, ഇതിലൂടെ വളരെയധികം ഉയർന്ന സേവനമുണ്ടാകുന്നു. ഡ്രാമാ അനുസരിച്ച്
ചിത്രങ്ങളുണ്ടാക്കുന്ന സേവനം ചെയ്യുന്ന ആരെങ്കിലും ഇനിയും വരും. ഇനി മുന്നോട്ടു പോകുന്തോറും
പുതിയ–പുതിയ കണ്ടു പിടിത്തങ്ങൾ നടത്തുന്ന ഏതെങ്കിലും നല്ല കുട്ടികളുണ്ടാകും. അത് കാണുമ്പോഴേ
സന്തോഷം തോന്നും. എല്ലായിടത്തും ഇപ്പോൾ ഇംഗ്ലീഷ് ഭാഷ വ്യാപിച്ചിട്ടുണ്ട്. ഇപ്പോൾ ധാരാളം ഭാഷക
ളുണ്ട്. എല്ലാ ദേശങ്ങളിലും ഇംഗ്ലീഷ് ഭാഷ അറിയുന്നവർ ധാരാളമുണ്ട്. അതുകൊണ്ടാണ് ബാബയും
ഇംഗ്ലീഷിനും ഹിന്ദിക്കും മുൻതൂക്കം നൽകുന്നത്. അവസാനം എല്ലാ ഭാഷകളിലുമുണ്ടാകുന്നു. ആർക്കെ
ങ്കിലും മനസ്സിലാക്കി കൊടുക്കാനും വളരെ എളുപ്പമാണ്. എന്നാൽ ഇതൊന്നും ആരുടെയും ബുദ്ധിയിൽ
ഇരിക്കുന്നില്ലെങ്കിൽ അവർ എന്തു സേവനം ചെയ്യാനാണ്! ധനമുണ്ട് എന്നാൽ ദാനം ചെയ്യുന്നില്ലെങ്കിൽ
അവരെ പിശുക്കനെന്നാണ് പറയുന്നത്. ഒരു കാതിലൂടെ കേട്ട് മറ്റേതിലൂടെ പുറത്തേക്ക് വിടുന്നു. ഓരോ
രുത്തർക്കും തന്റെ ഉന്നതിയെക്കുറിച്ചുള്ള ചിന്തനമുണ്ടായിരിക്കണം. കൂട്ടുകെട്ടിന്റെ പ്രഭാവത്തിലേക്ക്
വരരുത്. സേവനത്തിൽ ബിസിയായിരിക്കണം, ഇല്ലെങ്കിൽ വളരെ വലിയ നഷ്ടം തന്നെയാണ്. അവന
വന്റെ ഉന്നതിയ്ക്കായി തീർച്ചയായും പ്രയത്നിക്കണം. ബാബാ ഞാൻ പോയി വളരെയധികം പേരെ
തനിക്കു സമാനമാക്കാനുള്ള സേവനം ചെയ്യുന്നു, ഇങ്ങനെയുള്ള ചിന്തനങ്ങളുണ്ടാകണം. അവരാണ്
സതോപ്രധാന ബുദ്ധിയുള്ളവർ. തമോപ്രധാന ബുദ്ധിയുള്ളവർ സ്വയത്തെയോ മറ്റുള്ളവരെയോകുറിച്ച്
ചിന്തിക്കില്ല. അവരെ വിവേകഹീനരെന്നാണ് പറയുന്നത്. സതോപ്രധാന ബുദ്ധിയുള്ളവർ വിവേകശാലിക
ളാണ്. ചിലരുടെ കർമ്മക്കണക്കുകൾ വളരെ കടുത്തതാണ്. മനസ്സിലാക്കിയിട്ടും അതിൽ കുടുങ്ങി കിട

ക്കുകയാണ്. ഈ സമയത്ത് രാവും പകലും സേവനത്തിൽ മുഴുകണം. അവനവന്റെ തന്നെ സമ്പാദ്യമല്ലേ. എനിക്ക് ബാബയിൽ നിന്നുമുള്ള മുഴുവനും സമ്പത്ത് നേടണം. ഇല്ലെങ്കിൽ കല്പകല്പത്തെക്കുള്ള നഷ്ടമാണ്. ആദ്യം അവനവന്റെ നന്മ ചെയ്താൽ മാത്രമേ മറ്റുള്ളവരുടെ നന്മ ചെയ്യാൻ സാധിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ജ്ഞാനധനം ദാനം ചെയ്യുന്നതിൽ പിശുക്ക് കാണിക്കരുത്. അവനവന്റെയും മറ്റുള്ളവരുടെയും ഉന്നതിയ്ക്കായി യുക്തികൾ കണ്ടെത്തണം.

2. മനുഷ്യനിൽ നിന്നും ദേവതയാകുവാനുള്ള പഠിപ്പ് പഠിക്കണം, പഠിപ്പിക്കണം. സേവനത്തിലും പഠിപ്പിലും പൂർണ്ണ ശ്രദ്ധ നൽകണം. കടുത്ത കർമ്മക്കണക്കുകളെ യോഗബലത്തിലൂടെ ഇല്ലാതാക്കണം.

## വരദാനം:- ഓർമ്മയിലൂടെയും സേവനത്തിലൂടെയും തന്റെ ഭാഗ്യത്തിന്റെ രേഖ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കുന്ന ഭാഗ്യവാനായി ഭവിക്കട്ടെ.

ബ്രാഹ്മണരുടെ ജാതകത്തിൽ മൂന്ന് കാലങ്ങളും തന്നെ നല്ലതിലും നല്ലതാണ്. എന്ത് സംഭവിച്ചുവോ അതും നല്ലത്, എന്ത് സംഭവിച്ചുകൊണ്ടിരിക്കുന്നുവോ അത് അതിലും നല്ലത്, സംഭവിക്കാനിരിക്കുന്നത് വളരെ-വളരെ നല്ലത്. എല്ലാവരുടെയും മസ്തകത്തിൽ ശ്രേഷ്ഠഭാഗ്യത്തിന്റെ രേഖ വരച്ചിട്ടുണ്ട്, കേവലം ഓർമ്മയിലും സേവനത്തിലും ബിസിയായിരിക്കൂ. ഇവ രണ്ടും ഇത്രയും സ്വാഭാവികമായിരിക്കണം ശരീരത്തിൽ ശ്വാസം സ്വാഭാവികമായിരിക്കുന്നത് പോലെ. ഭാഗ്യവിധാതാവായ ബാബ ഓർമ്മയുടെയും സേവനത്തിന്റെയും വിധി ഇങ്ങനെയാണ് തന്നിട്ടുള്ളത് അതിലൂടെ ആര് എത്ര ആഗ്രഹിക്കുന്നുവോ അത്രയും തങ്ങളുടെ ശ്രേഷ്ഠഭാഗ്യം ഉണ്ടാക്കാൻ സാധിക്കുന്നു.

## സ്ലോഗൻ:-സന്തുഷ്ടതയുടെ സീറ്റിൽ ഇരുന്ന് പരിതസ്ഥിതികളുടെ കളി കാണുക തന്നെയാണ് സന്തുഷ്ടമണിയാകുക.